# വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

### ദൂത് ഇരുപത്

## രക്തസാക്ഷികളായ വിശുദ്ധന്മാരുടെ നിലവിളിയും അതിനോടുള്ള ദൈവത്തിന്റെ ഉത്തരമായ അഞ്ചും ആറും മുദ്രകളും

Tue

ഈ ദൂതിൽ അഞ്ചും ആറും മുദ്രകളെ നമുക്കു നോക്കാം. വെളിപ്പാട് പുസ്തകത്തിന്റെ വിവരണമനുസരിച്ച്, ആദ്യത്തെ നാലു മുദ്രകൾ ഒന്നിനുപുറകെ ഒന്നായുള്ളതല്ല. മറിച്ച്, അവ ഒരേസമയം സംഭവിക്കുന്നതാണ്. അവ ഏകദേശം ഒരേ സമയം സംഭവിക്കുവാൻ തുടങ്ങുകയും, ഒരേ സമയംതന്നെ അവസാനിക്കുകയും ചെയ്യും. ഇത് ഒരേ സമയം ഓട്ടം തുടങ്ങുകയും ഏകദേശം ഒരേ സമയം തന്നെ ഓട്ടം അവസാനിപ്പിക്കുകയും ചെയ്യുന്ന നാലു കുതിരകളുടെ ഒരു മത്സരയോട്ടം പോലെയാണ്. ഏഴു മുദ്രകളെ ആദ്യത്തെ നാലു മുദ്രകളും അവസാനത്തെ മൂന്നു മുദ്രകളുമടങ്ങുന്ന രണ്ടു കൂട്ടങ്ങളായി വിഭജിക്കാവുന്നതാണ്. ആദ്യത്തെ നാലു മുദ്രകൾ ഒന്നിനുപുറകെ ഒന്നല്ലാതിരിക്കുമ്പോൾ, അവസാനത്തെ മൂന്നു മുദ്രകൾ ഒന്നിനുപുറകെ ഒന്നായി സംഭവിക്കുന്നു.

നാം കണ്ടതുപോലെ, ആദ്യത്തെ നാലു മുദ്രകൾ സുവിശേഷപ്രസംഗത്തിന്റെ യുഗമായ പുതിയനിയമ യുഗത്തെ അനാവരണംചെയ്യുന്നു. ക്രിസ്തുവിന്റെ ആരോഹണത്തിനും അവന്റെ മടങ്ങിവരവിനും ഇടയിൽ സുവിശേഷപ്രസംഗം തുടരും. യുദ്ധം, ക്ഷാമം, മരണം എന്നീ മറ്റുള്ള മുഖ്യമായ കാര്യങ്ങൾ സുവിശേഷപ്രസംഗത്തിന്റെ പുരോഗമനത്തിനുവേണ്ടി ഒരുമിച്ചു പ്രവർത്തിക്കുന്നു. ദൈവത്തിന് ഈ യുഗത്തിൽ—തന്റെ നിത്യോദ്ദേശ്യത്തിന്റെ നിറവേറലിനുവേണ്ടി സഭ ഉളവാക്കപ്പെടുകയും കെട്ടുപണിചെയ്യപ്പെടുകയും ചെയ്യേണ്ടതിന്—സുവിശേഷം പ്രസംഗിക്കപ്പെടുക എന്ന നിസ്തുല ഉദ്ദേശ്യം ഉണ്ട്. നമുക്ക് ഈ ആകമാന വീക്ഷണം ഉണ്ടായിരിക്കണം. എന്നാൽ ഭൂമിയിലുള്ള മഹാന്മാർക്ക് ഈ വീക്ഷണം ഇല്ല. രാഷ്ട്രങ്ങളുടെ രാജാക്കന്മാർക്കും പ്രസിഡന്റുമാർക്കുംപോലും അവർ ചെയ്യുന്നതെന്തെന്ന് അറിയില്ല. എന്നാൽ നമുക്കറിയാം. ഈ ഭരണാധികാരികൾ ചെയ്യുന്നതെല്ലാം

സുവിശേഷപ്രസംഗത്തെ സഹായിക്കുന്നു. ഈ കാര്യത്തിൽ ദൈവം പരമാധികാരിയാണ്.

വെളിപ്പാട് പുസ്തകം തങ്ങളുടെ മധ്യേയുള്ള ക്രിസ്തുവിനോടുകൂടിയ സ്ഥലം സഭകളിൽ ആരംഭിക്കുകയും അതിന്റെ കേന്ദ്രീയതയും സാർവത്രികതയുമായി ക്രിസ്തുവിനോടുകൂടിയ പുതിയ യെരൂശലേമിൽ അവസാനിക്കുകയും ചെയ്യുന്നു. വെളിപ്പാട് പുസ്തകത്തിന്റെ ഈ രണ്ട് അറ്റങ്ങൾക്കിടയിൽ നമുക്ക് സഭായുഗവും രാജ്യയുഗവും ഉണ്ട്. പുതിയനിയമ യുഗമായ സഭായുഗത്തിൽ, ദൈവം ഒരു കാര്യം ചെയ്യുന്നു: സമ്പൂർണ്ണ സുവിശേഷം പ്രസംഗിക്കുന്നതിലൂടെ അവൻ സഭകളെ ഉളവാക്കിക്കൊണ്ടിരിക്കുന്നു. പുതിയനിയമത്തിലെ ഇരുപത്തേഴ് പുസ്തകങ്ങളും സമ്പൂർണ്ണ സുവിശേഷത്തിൽ ഉള്ളടങ്ങിയിരിക്കുന്നു. ദയനീയരായ ഒരു കൂട്ടം പാപികളെ രക്ഷിക്കുക എന്നതു മാത്രമല്ല ദൈവത്തിന്റെ ഉദ്ദേശ്യം. ഈ ധാരണ വളരെ താണതായതുകൊണ്ട് തത്ത്വജ്ഞാനികളായ അനേകം ആളുകൾ ഇത് അംഗീകരിക്കുവാൻ വിസമ്മതിക്കുന്നു. സുവിശേഷം പ്രസംഗിക്കുന്നതിന്, പുതിയ യെരൂശലേമിന്റെ സംരചനയ്ക്കുവേണ്ടി സഭകൾ ഉളവാക്കപ്പെടുക എന്ന വളരെ ഉന്നതമായ ഒരു ഉദ്ദേശ്യം ഉണ്ടെന്നും അത് ഉന്നതമായ ഒരു തലത്തിലാണെന്നും അവർ കാണേണ്ടത് ആവശ്യമാണ്. സഭായുഗത്തിനുശേഷം രാജ്യയുഗം വരും. സഭായുഗത്തിൽ പൂർത്തിയാക്കാത്തതും തികവുപ്രാപിക്കാത്തതും ദൈവം രാജ്യയുഗത്തിൽ നിവർത്തിക്കും. രാജ്യയുഗത്തിനുശേഷം, ദൈവത്തിന്റെ ഉദ്ദേശ്യം പൂർണ്ണമായും സമഗ്രമായും പൂർത്തിയാകും. അതിനുശേഷം പുതിയ ആകാശത്തോടും പുതിയ ഭൂമിയോടുംകൂടെയുള്ള നിത്യതയും വീണ്ടെടുക്കപ്പെട്ട സകല വിശുദ്ധന്മാരും ചേരുന്ന പുതിയ യെരൂശലേമും ഉണ്ടായിരിക്കും. ഇതാണ് മുഴുവൻ പ്രപഞ്ചത്തെയും സംബന്ധിച്ച ഒരു പൊതുവായ വീക്ഷണം.

ഞങ്ങൾ നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ, ആദ്യത്തെ നാലു മുദ്രകളിലൂടെ ക്രിസ്തുവിന്റെ ആരോഹണത്തിനും അവന്റെ മടങ്ങിവരവിനും ഇടയിൽ എന്താണ് സംഭവിക്കുന്നത് എന്നതിന്റെ ഒരു വീക്ഷണം നമുക്കുണ്ട്. നാലു കാര്യങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു: സുവിശേഷപ്രസംഗവും, യുദ്ധവും, ക്ഷാമവും, മരണവും. രണ്ടാമത്തെയും, മൂന്നാമത്തെയും, നാലാമത്തെയും കുതിരകൾ സുവിശേഷപ്രസംഗത്തെ ത്വരിതപ്പെടുത്തുവാൻ സഹായിക്കുന്നു. യുദ്ധം ഇല്ലായിരുന്നെങ്കിൽ ഞാൻ ഈ രാജ്യത്തിൽ ഉണ്ടാകുമായിരുന്നില്ല. കഴിഞ്ഞ കാലങ്ങളിൽ ചൈനയിലുള്ള കർത്താവിന്റെ പ്രത്യുദ്ധാരത്തിലെ ഞങ്ങളിലാരും പാശ്ചാത്യലോകത്തിലേക്ക് വരുവാൻ താല്പര്യപ്പെട്ടിരുന്നില്ല. പ്രത്യുദ്ധാരവേല ഒരളവോളം ഞങ്ങൾ ചെയ്തുതീർത്തതിനുശേഷം പാശ്ചാത്യലോകത്തിലേക്ക്

പ്രത്യുദ്ധാരത്തെ കൊണ്ടുവരുന്നതിന് കർത്താവ് ഒരുപക്ഷേ മറ്റുചില വ്യക്തികളെയോ മുഖാന്തരങ്ങളെയോ, ഒരുവേള മിഷണറികളെയോ, പുസ്തകപരിഭാഷയെയോ ഉപയോഗിക്കുമെന്ന് ഞങ്ങൾ ചിന്തിച്ചു. എന്നാൽ പെട്ടെന്ന് 1949-ൽ ചൈനാ വൻകര നഷ്ടമായി. തൽഫലമായി കർത്താവിന്റെ പ്രത്യുദ്ധാരം ഈ രാജ്യത്തിലേക്ക് കൊണ്ടുവരപ്പെട്ടു. വേല മുഖാന്തരം തായ്‌വാനിലേക്ക് അയയ്ക്കപ്പെട്ടതുകൊണ്ട്, ചൈനാ വൻകരയിൽ കർത്താവിന്റെ പ്രത്യുദ്ധാരം നഷ്ടപ്പെടുന്നതുമൂലം ഞാൻ ആഴത്തിൽ അസ്വസ്ഥനായി. പകലും രാത്രിയും ഞാൻ കർത്താവിനോടു ചോദിച്ചു, "ഇതെന്താണ്?, എന്തുകൊണ്ടാണ് വേല നഷ്ടമായത്?" ഒടുവിൽ പരമാധികാരിയായ കർത്താവ് തന്റെ പ്രത്യുദ്ധാരത്തെ ഈ രാജ്യത്തിലേക്ക് കൊണ്ടുവന്നു. ഇതു വെളിപ്പെടുത്തുന്നത്, കർത്താവിന്റെ പരമാധികാരമുള്ള കരത്തിൽ ഈ യുഗത്തിൽ ഒരു കാര്യം മാത്രമേ ഉള്ളൂ—പുതിയ യെരൂശലേം എന്ന ദൈവത്തിന്റെ നിത്യവാസസ്ഥലത്തിന്റെ കെട്ടുപണിക്കുവേണ്ടി സ്ഥലം സഭകളെ ഉളവാക്കുന്നതിന് സമ്പൂർണ്ണ സുവിശേഷം പ്രസംഗിക്കുക. നമുക്ക് ഈ ആകമാന വീക്ഷണം ഉണ്ടായിരിക്കുമ്പോൾ, നമുക്ക് വെളിപ്പാട് പുസ്തകത്തിലേക്ക് നോക്കുവാനും അതിനെ പര്യാപ്തമായും ശരിയായും മനസ്സിലാക്കുവാനും കഴിയും.

## I. രക്തസാക്ഷികളായ വിശുദ്ധന്മാരുടെ നിലവിളി—അഞ്ചാം മുദ്ര

ഏഴു മുദ്രകളെ ഒന്നാമത് നാലും മൂന്നുമായും രണ്ടാമത് ആറും ഒന്നുമായും വിഭജിച്ചിരിക്കുന്നു. നാല് എന്ന സംഖ്യ നാലു ജീവികളാൽ പ്രതീകമാക്കപ്പെട്ടതുപോലെ സൃഷ്ടികളെ സൂചിപ്പിക്കുകയും, ആറ് എന്ന സംഖ്യ ആറു ദിവസംകൊണ്ട് സൃഷ്ടിപ്പ് പൂർത്തിയാക്കപ്പെട്ടതിനാൽ സൃഷ്ടിപ്പിനെ സൂചിപ്പിക്കുകയും ചെയ്യുന്നു. മൂന്ന് എന്ന സംഖ്യ ത്രിയേകദൈവത്തെ സൂചിപ്പിക്കുകയും, ഒന്ന് നിസ്തുലനായ ദൈവത്തെ സൂചിപ്പിക്കുകയും ചെയ്യുന്നു. ഇക്കാരണത്താൽ, നാല് അധികം മൂന്നും, ആറ് അധികം ഒന്നും ദൈവത്തിന്റെ ന്യായവിധിയിലൂടെ ഏഴു മുദ്രകൾ ദൈവത്തിന്റെ സൃഷ്ടിയെ സകല ജീവികളോടുംകൂടെ ദൈവത്തിലേക്ക് കൊണ്ടുവരുന്നു എന്നു സൂചിപ്പിക്കുന്നു.

ഒന്നാം നൂറ്റാണ്ടുമുതൽ ഈ യുഗത്തിന്റെ അവസാനസമയം വരെയുള്ള ക്രിസ്തീയ രക്തസാക്ഷിത്വത്തെ അഞ്ചാം മുദ്ര വെളിപ്പെടുത്തുന്നു. (അതിൽ പഴയനിയമ രക്തസാക്ഷിത്വവും ഉൾപ്പെടുന്നുണ്ടാകാം—മത്താ. 23:34-36.) ഒന്നാം മുദ്ര സൂചിപ്പിക്കുന്നതുപോലെ, സുവിശേഷം പ്രസംഗിക്കപ്പെടുമ്പോൾ, എപ്പോഴും വിശ്വസ്തരായ വിശുദ്ധന്മാരുടെ രക്തസാക്ഷിത്വം ഉണ്ട്.

## A. രക്തസാക്ഷിത്വം

സുവിശേഷപ്രസംഗത്തിന്റെ യുഗത്തിൽ ദൈവവചനവും യേശുവിന്റെ സാക്ഷ്യവും നിമിത്തം അനേകം വിശുദ്ധന്മാർ രക്തസാക്ഷികളായിട്ടുണ്ട്. സ്തെഫാനൊസും, പത്രൊസും, ഏകദേശം മറ്റെല്ലാ അപ്പൊസ്തലന്മാരും രക്തസാക്ഷികളായി. അപ്പൊസ്തലനായ യോഹന്നാൻ നാടുകടത്തപ്പെടുകയും, പൗലൊസ് തുറുങ്കിലടയ്ക്കപ്പെടുകയും പിന്നീട് മരണത്തിനു വിധിക്കപ്പെടുകയും ചെയ്തു. നൂറ്റാണ്ടുകളിലുടനീളം സുവിശേഷപ്രസംഗം പോയിടത്തെല്ലാം, രക്തസാക്ഷിത്വം ഉണ്ടായി. കർത്താവിന്റെ സാക്ഷ്യത്തിനു വിശ്വസ്തരായിരുന്ന ആയിരക്കണക്കിനാളുകൾ രക്തസാക്ഷികളായിട്ടുണ്ട്. ഒരർഥത്തിൽ സഹോദരൻ വാച്ച്മാൻ നീ പോലും രക്തസാക്ഷിയായിരുന്നു. മരിക്കുന്നതുവരെ കാരാഗൃഹത്തിൽ സൂക്ഷിച്ചിരുന്നതിലൂടെ, കഴിഞ്ഞ ഇരുപത്താറു വർഷങ്ങളിൽ ഏകദേശം എന്റെ എല്ലാ കൂട്ടുവേലക്കാരും രക്തസാക്ഷിത്വം സഹിച്ചു.

വിശുദ്ധന്മാരുടെ രക്തസാക്ഷിത്വം ഏതെങ്കിലും മാനുഷിക നിയമങ്ങളോടുള്ള അവരുടെ എതിർപ്പു മൂലമല്ല, പ്രത്യുത ദൈവവചനവും യേശുവിന്റെ സാക്ഷ്യവും നിമിത്തമാണ്. ദൈവവചനം അവർ ജനത്തോടു വിളംബരംചെയ്യുന്ന സുവിശേഷം എന്ന സുവാർത്തയാണ്. യേശുവിന്റെ സാക്ഷ്യം അവർ ജീവിക്കുന്ന ജീവിതമാണ്. "സർവലോകവും ദുഷ്ടനിൽ കിടക്കുന്നു" എന്ന് 1 യോഹന്നാൻ 5:19 പറയുന്നതുപോലെ, മനുഷ്യസമൂഹം മാനുഷ്യസംസ്കാരത്തോടുകൂടെ മുഴുവനായും സാത്താന്റെ ദുഷ്ടസ്വാധീനത്തിൻ കീഴിലാണ്. ദൈവവചനം പ്രസംഗിക്കുന്നതും യേശുവിന്റെ സാക്ഷ്യത്തിൻജീവിതവും ലോകത്തിലെ സാത്താന്യഗതിക്ക് എതിരാണ്. തീർച്ചയായും സാത്താൻ ഇതു വെറുക്കുന്നു. ഇക്കാരണത്താൽ, എപ്പോഴെല്ലാം എവിടെയല്ലാം വിശുദ്ധന്മാർ ദൈവവചനം പ്രസംഗിക്കുകയും, യേശുവിന്റെ സാക്ഷ്യം നയിക്കുകയും ചെയ്യുമോ, അവരെ മരണത്തിങ്കലേക്കു പോലും ഉപദ്രവിക്കുവാൻ, സാത്താൻ ജനത്തെ പ്രേരിപ്പിക്കുന്നു. ഇതു മനുഷ്യരും വിശുദ്ധന്മാരും തമ്മിലല്ല, സാത്താനും ദൈവവും തമ്മിലുള്ള ഒരു പോരാട്ടമാണ്. സാത്താന്റെ ദുഷ്ട സ്വാധീനത്തിൻകീഴിലുള്ള ലോകത്തിന്മേലുള്ള അവന്റെ നീതിപൂർവമായ ന്യായവിധി നടപ്പാക്കുന്നതിലൂടെ ദൈവം വിശുദ്ധന്മാർക്കുവേണ്ടി പ്രതികാരംചെയ്യുന്ന സമയം വരും.

## B. നിലവിളി

"ദൈവവചനം നിമിത്തവും അവർക്ക് ഉണ്ടായിരുന്ന സാക്ഷ്യം നിമിത്തവും അറുക്കപ്പെട്ടവരുടെ ദേഹികളെ" സംബന്ധിച്ച് വെളിപ്പാട് 6:10 പറയുന്നു, "അവരോ, വിശുദ്ധനും സത്യവാനുമായ

യജമാനനേ, ഭൂമിയിൽ വസിക്കുന്നവരിൽനിന്ന് ഞങ്ങളുടെ രക്തത്തെ നീ എത്രകാലം ന്യായംവിധിക്കാതെയും പക പോക്കാതെയും ഇരിക്കും? എന്ന് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു." ദേഹികൾ യാഗപീഠത്തിന്റെ കീഴിലാണെന്ന് 6:9-ൽ നാം കാണുന്നു. യാഗപീഠത്തിൽ കൊല്ലപ്പെട്ട യാഗങ്ങളെ ഇതു ചൂണ്ടിക്കാണിക്കുന്നു. ഒരു യാഗവസ്തു യാഗപീഠത്തിൽ കൊല്ലപ്പെടുമ്പോൾ അതിന്റെ രക്തം യാഗപീഠത്തിനു താഴേക്കും അതിന്റെ കീഴിലേക്കും ഒഴുകുന്നു. ജഡത്തിന്റെ ദേഹി രക്തത്തിലാണ് (ലേവ്യ. 17:11). രക്തസാക്ഷികളായവരുടെ ദേഹി യാഗപീഠത്തിന്റെ കീഴിലാണെന്നുള്ളതു സൂചിപ്പിക്കുന്നത്, ദൈവത്തിന്റെ ദൃഷ്ടിയിൽ, അവരെല്ലാവരും യാഗപീഠത്തിന്മേൽ യാഗമായി ദൈവത്തിന് അർപ്പിക്കപ്പെട്ടുവെന്നും അവരുടെ ജീവനായ രക്തം അവിടെ ചൊരിയപ്പെട്ടുവെന്നും ആണ്. ഇപ്പോൾ അവരുടെ സ്ഥാനം യാഗപീഠത്തിന്റെ കീഴിലാണ്. പ്രതീകത്തിൽ, യാഗപീഠം കൂടാരത്തിന്റെയും ആലയത്തിന്റെയും പ്രാകാരത്തിലാണ്; പ്രാകാരം ഭൂമിയെ സൂചിപ്പിക്കുന്നു. ഇക്കാരണത്താൽ, "യാഗപീഠത്തിൻകീഴിൽ" എന്നത് ഭൂമിക്കു കീഴിലാണ്, അവിടെയാണ് രക്തസാക്ഷികളായ വിശുദ്ധന്മാരുടെ ദേഹികൾ ഉള്ളത്. അത് കർത്താവായ യേശു തന്റെ മരണത്തിനുശേഷം പോയ പറുദീസയാണ് (ലൂക്കൊ. 23:43). ഇത് ഭൂമിയുടെ ഹൃദയത്തിലാണ് (മത്താ. 12:40); ഇത് അബ്രാഹാം ആയിരിക്കുന്നിടമായ പാതാളത്തിന്റെ സുഖകരമായ ഭാഗമായിരിക്കണം (പ്രവൃ. 2:27; ലൂക്കൊ. 16:22-26).

ഇന്ന് രക്തസാക്ഷികളായ വിശുദ്ധന്മാർ പറുദീസയിൽ യാഗപീഠത്തിൻകീഴിലാണ്, അതായത്, ഭൂമിയുടെ കീഴിലാണ്. ഈ വിശുദ്ധന്മാർ സ്വർഗത്തിലാണെന്നു പറയുന്നത് തികച്ചും തെറ്റാണ്. സ്കോഫീൽഡ് റഫറൻസ് ബൈബിളിൽ ലൂക്കൊസ് 16:23-നെ സംബന്ധിച്ച ഒരു കുറിപ്പുണ്ട്; അതു പറയുന്നത്, ക്രിസ്തുവിന്റെ പുനരുത്ഥാനത്തിനുമുമ്പ് പറുദീസ ഭൂമിക്കു കീഴിലായിരുന്നു, എന്നാൽ ക്രിസ്തുവിന്റെ പുനരുത്ഥാനത്താലും പുനരുത്ഥാനത്തോടുകൂടെയും അത് ഭൂമിക്കു കീഴിൽനിന്ന് മൂന്നാം സ്വർഗത്തിലേക്ക് മാറ്റി എന്നാണ്. കർത്താവിന്റെ പുനരുത്ഥാനത്തിനുശേഷം അമ്പതാം ദിവസമായ പെന്തക്കോസ്തുനാളിൽ പത്രൊസ് പറഞ്ഞു, "ദാവീദ് സ്വർഗത്തിലേക്ക് ആരോഹണം ചെയ്തില്ല" (പ്രവൃ. 2:34). പെന്തക്കോസ്തുദിനത്തിന്റെ സമയത്തുപോലും, ദാവീദ് അപ്പോഴും സ്വർഗത്തിലുണ്ടായിരുന്നില്ല. *ആദ്യഫലവും കൊയ്ത്തും* എന്ന തന്റെ പുസ്തകത്തിൽ ബ്രദറൻകാരുടെ ഇടയിൽ പരേതനായ ഒരു ഉപദേഷ്ടാവായിരുന്ന ജി. എച്ച്. ലാങ് പറയുന്നത്, ക്രിസ്തുവിന്റെ ആരോഹണത്തിനുശേഷം പറുദീസ ഭൂമിക്കുകീഴിൽനിന്നും മൂന്നാം സ്വർഗത്തിലേക്ക് മാറ്റിയെന്ന് "തിരുവെഴുത്ത് ഒരിടത്തും

പ്രസ്താവിക്കുന്നില്ല, എന്നാൽ അത് ഇതിനോട് പൂർണ്ണമായും എതിരാകുന്നു" എന്നാണ്. പ്രവൃത്തികൾ 2-ൽ ദാവീദ് സ്വർഗത്തിലായിരുന്നില്ലെന്ന് പത്രൊസ് പറഞ്ഞ വാക്യവും അദ്ദേഹം ചൂണ്ടിക്കാണിച്ചു. ഞാൻ ഇതു പറയുന്നത്, രക്തസാക്ഷികളായ എല്ലാ വിശുദ്ധന്മാരും യാഗപീഠത്തിൻകീഴിൽ പറുദീസയിലാണെന്നു നാം മനസ്സിലാക്കുവാനാണ്.

പറുദീസ പാതാളത്തിലാണെന്ന് അനേകം ക്രിസ്ത്യാനികൾക്കും അറിയില്ല. പറുദീസ പാതാളത്തിലാണെന്നതിന്റെ ഏറ്റവും ശക്തമായ തെളിവ് ലൂക്കൊസ് 23:43-ൽ രക്ഷിക്കപ്പെട്ട കള്ളനോടുള്ള കർത്താവിന്റെ വചനമാണ്: "സത്യമായി ഞാൻ നിന്നോടു പറയുന്നു, ഇന്നു നീ എന്നോടുകൂടെ പറുദീസയിൽ ആയിരിക്കും." കർത്താവായ യേശു മരിച്ചശേഷം പാതാളത്തിലേക്കു പോയെന്ന് പ്രവൃത്തികൾ 2:27-ഉം 31-ഉം വെളിപ്പെടുത്തുന്നു. തന്റെ മരണശേഷം മൂന്നു പകലിന്റെയും രാത്രിയുടെയും നേരത്തേക്ക് കർത്താവായ യേശു പോയ സ്ഥലമായ പാതാളം "ഭൂമിയുടെ ഹൃദയത്തിൽ" ആണെന്ന് മത്തായി 12:40 സൂചിപ്പിക്കുന്നു. പാതാളത്തിൽ ലാസർ പോയതും അബ്രാഹാമിന്റെ മാറിനോടു സാദൃശ്യപ്പെടുത്തിയിരിക്കുന്നതുമായ സന്തോഷപ്രദമായ ഒരു ഭാഗമുണ്ട് (ലൂക്കൊ. 16:23). ഇത് സ്വർഗത്തിലുള്ള പറുദീസയല്ല, പിന്നെയോ പാതാളത്തിലുള്ള പറുദീസയാണ്. പൗലൊസ് "പറുദീസയിലേക്ക് എടുക്കപ്പെട്ടു" അവൻ "മൂന്നാം സ്വർഗത്തോളം എടുക്കപ്പെട്ടു" എന്ന് 2 കൊരിന്ത്യർ 12:2-4 ഉപയോഗിച്ചുകൊണ്ട് ചിലർ തർക്കിച്ചിട്ടുണ്ട്. എന്നാൽ പറുദീസ മൂന്നാം സ്വർഗത്തിലാണെന്ന് 2 കൊരിന്ത്യർ 12:2-4 തെളിയിക്കുന്നില്ല; പ്രത്യുത അത് മറിച്ചാണ് തെളിയിക്കുന്നത്. മൂന്നാം വാക്യത്തിന്റെ ആരംഭത്തിലെ *പിന്നെ* എന്ന പദം തെളിയിക്കുന്നത് 2-ഉം 4-ഉം വാക്യങ്ങളിലെ "മൂന്നാം സ്വർഗത്തോളം എടുക്കപ്പെട്ടു" എന്നതും "പറുദീസയിലേക്ക് എടുക്കപ്പെട്ടു" എന്നതും രണ്ടു വ്യത്യസ്ത കാര്യങ്ങളാകുന്നു എന്നാണ്. 2-ഉം 4-ഉം വാക്യങ്ങളിലെ *മുകളിലേക്ക് എടുക്കപ്പെട്ടു* എന്നതിന് ഉപയോഗിച്ചിരിക്കുന്ന യവനപദത്തെ *ദൂരേക്ക് എടുക്കപ്പെട്ടു* എന്നും വിവർത്തനം ചെയ്യാം. ഒരുവശത്ത്, പൗലൊസ് ഭൂമിയിൽ ജീവിക്കുകയായിരുന്നു, എന്നാൽ മറുവശത്ത്, അവൻ ദൂരേക്ക്, സ്വർഗത്തിലേക്കും, "പറുദീസയിലേക്കും" "എടുക്കപ്പെട്ടു." ഈ രീതിയിൽ, പൗലൊസിനു മുഴുവൻ പ്രപഞ്ചത്തിന്റെയും ഒരു പൂർണ്ണദർശനം ലഭിച്ചു. മനുഷ്യവർഗ്ഗത്തെ സംബന്ധിച്ചിടത്തോളം പ്രപഞ്ചം മൂന്നു ഭാഗങ്ങളിലാണ്: സ്വർഗവും, ഭൂമിയും, ഭൂമിക്കു കീഴെയും (പ്ര.നി. ഫിലി. 2:10). പൗലൊസ് ഭൂമിയിലുള്ള കാര്യങ്ങളും, സ്വർഗത്തിലുള്ള കാര്യങ്ങളും, പറുദീസയിലുള്ള കാര്യങ്ങളും അറിയുവാൻ ഇടവന്നു. മനുഷ്യനോടുള്ള ബന്ധത്തിൽ പ്രപഞ്ചത്തെക്കുറിച്ചുള്ള ഏറ്റവും വലിയ വെളിപാട് അവനുണ്ടായിരുന്നു.

രക്ഷിക്കപ്പെട്ട വിശുദ്ധന്മാർ മരിക്കുമ്പോൾ, ശരീരം കൂടാതെ, അവർ എല്ലാവരും നഗ്നരായിത്തീരുന്നു. ഒരു മനുഷ്യന് ശരീരം ഇല്ലാതിരിക്കുന്നതിന്റെ അർത്ഥം അവൻ സാധാരണ അവസ്ഥയിലല്ല, നഗ്നനാകുന്നു എന്നാണ്. ഈ നഗ്നമായ, അസാധാരണ അവസ്ഥയിൽ ആർക്കും മൂന്നാം സ്വർഗത്തിൽ ദൈവസന്നിധിയിൽ ആയിരിക്കുവാൻ കഴിയുകയില്ല. തന്മൂലം, ദൈവം അവരെ ഒരു പുനരുത്ഥാനശരീരം ധരിപ്പിക്കുകയും, അവർ ഒരു സാധാരണ അവസ്ഥയിൽ പൂർണ്ണനായ വ്യക്തിയായിരിക്കുകയും ചെയ്യുമ്പോഴുള്ള അവരുടെ പുനരുത്ഥാനത്തിന്റെ സമയംവരെ, മരിച്ചുപോയ വിശുദ്ധന്മാർ സന്തോഷപ്രദമായ ഒരു സ്ഥലത്ത് കാക്കപ്പെടണം.

"വിട്ടുപിരിഞ്ഞ് ക്രിസ്തുവിനോടുകൂടെ ആയിരിക്കുവാൻ വാഞ്ഛ ഉണ്ട്" എന്ന് പൗലൊസ് പറഞ്ഞ ഫിലിപ്പിയർ 1:23-നെക്കുറിച്ച് ചിലർ അത്ഭുതപ്പെട്ടേക്കാം. "ഞാൻ മരിക്കുന്നുവെങ്കിൽ ഞാൻ ക്രിസ്തുവിനോടുകൂടെ ആയിരിക്കും" എന്ന് പൗലൊസ് പറയുന്നതായി തോന്നുന്നു. ക്രിസ്തുവിനോടുകൂടെ ആയിരിക്കുക എന്നത് പൂർണമായ ഒരു കാര്യമല്ല, അത് സംബന്ധിയായ ഒരു കാര്യമാണ്. ഇപ്പോഴും നാം ക്രിസ്തുവിനോടു കൂടെയാണ്. നാം എവിടെയായിരുന്നാലും അവനോടു കൂടെയാണ്. നാം മരിച്ച്, ഈ ലോകംവിട്ടു കടന്നുപോയി, മറ്റൊരു മണ്ഡലത്തിലേക്ക് പ്രവേശിക്കുമ്പോൾ ക്രിസ്തുവിനോടുകൂടെ ആയിരിക്കുന്നതുപോലെ അത്ര അടുത്തല്ല നാം ഈ ഭൗതികശരീരത്തിൽ ആയിരിക്കുമ്പോഴുള്ളത് എന്നത് തീർച്ചയാണ്. എന്നാൽ വിശ്വാസികൾ മരിക്കുമ്പോൾ അവർ സ്വർഗത്തിലേക്ക് എടുക്കപ്പെടുന്നു എന്ന് ഇത് അർത്ഥമാക്കുന്നില്ല. അത് പുനരുത്ഥാനത്തിന്റെയും ഉൾപ്രാപണത്തിന്റെയും ദിവസംവരെ സംഭവിക്കുകയില്ല.

മരിച്ചുപോയ വിശുദ്ധന്മാർ സ്വർഗത്തിൽ ക്രിസ്തുവിനോടു കൂടെയാണെന്ന് വാദിക്കുവാൻ ചിലർ 1 തെസ്സലൊനീക്യർ 4 ഉപയോഗിക്കുന്നുണ്ടാകാം. ക്രിസ്തു മടങ്ങിവരുമ്പോൾ അവൻ മരിച്ചുപോയ വിശ്വാസികളെ അവനോടുകൂടെ കൊണ്ടുവരുമെന്നും, അങ്ങനെ അവർ ഇപ്പോൾ സ്വർഗത്തിൽ അവനോടുകൂടെയായിരിക്കണം എന്ന് ഇതു തെളിയിക്കുന്നുവെന്നും അവർ പറയുന്നു. എന്നാൽ ഈ അധ്യായം ശ്രദ്ധാപൂർവം വായിക്കുക. "ക്രിസ്തുവിൽ മരിച്ചവർ ആദ്യം ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും. പിന്നെ ജീവനോടിരിക്കുന്ന, ശേഷിച്ചവരായ നാം ഒന്നിച്ച് അവരോടൊപ്പം മേഘങ്ങളിൽ എടുക്കപ്പെടും" എന്ന് അതു പറയുന്നു (1 തെസ്സ. 4:16-17). 1 തെസ്സലൊനീക്യർ 4 പ്രകാരം മരിച്ചുപോയ വിശുദ്ധന്മാർ ഉയിർപ്പിക്കപ്പെടുകയും, ജീവനോടിരിക്കുന്നവരോടൊപ്പം ക്രിസ്തുവിനെ കണ്ടുമുട്ടുവാൻ ആകാശത്തിലേക്ക് എടുക്കപ്പെടുകയും ചെയ്യും. നാം വേദപുസ്തകം ശ്രദ്ധയോടെ

വായിക്കുകയും ഇന്നത്തെ പരമ്പരാഗതവും, ഉപരിപ്ലവവുമായ ഉപദേശങ്ങളെ പിൻതുടരാതിരിക്കുകയും വേണം. രക്ഷിക്കപ്പെട്ട വിശുദ്ധന്മാർ സ്വർഗത്തിലല്ല, പിന്നെയോ വേദപുസ്തകം പറുദീസ എന്നു വിളിക്കുന്ന സന്തോഷപ്രദമായ സ്ഥലത്ത്, കർത്താവായ യേശു മരിച്ചതിനുശേഷം അവൻ സന്ദർശിച്ച ഇടത്ത്, ആണെന്നത് നമുക്ക് സ്പഷ്ടമായിരിക്കണം.

ഒരു നീണ്ടകാലം കാത്തിരുന്നശേഷം, ഈ യുഗത്തിന്റെ അവസാനത്തോടടുത്ത്, "ഭൂമിയിൽ വസിക്കുന്നവരിൽനിന്ന്" അവരുടെ രക്തത്തെച്ചൊല്ലി ന്യായംവിധിക്കുവാനും പ്രതികാരം ചെയ്യുവാനും നിർബന്ധിച്ചുകൊണ്ട് രക്തസാക്ഷികളായ വിശുദ്ധന്മാർ പ്രതികാരത്തിനുവേണ്ടി നിലവിളിക്കുന്നു.

### C. കർത്താവിന്റെ അംഗീകാരം

വാക്യം 11 പറയുന്നു, "അവരിൽ ഓരോരുത്തനും വെള്ളയങ്കി നൽകിയ ശേഷം, അവരോട്, അവരെപ്പോലെ കൊല്ലപ്പെടുവാൻ പോകുന്ന അവരുടെ കൂട്ടടിമകളുടെയും അവരുടെ സഹോദരന്മാരുടെയും സംഖ്യ പൂർത്തിയാകും വരെ അല്പകാലം കൂടി വിശ്രമിക്കേണം എന്നു പറഞ്ഞു." ഇവിടെ വെള്ളയങ്കി സൂചിപ്പിക്കുന്നത് അവരുടെ രക്തസാക്ഷിത്വം ദൈവത്താൽ അംഗീകരിക്കപ്പെട്ടിരിക്കുന്നു എന്നാണ്. മഹോപദ്രവകാലത്ത് രക്തസാക്ഷികളാകാനുള്ളവരെയാണ് "കൊല്ലപ്പെടുവാൻ പോകുന്നവർ" പരാമർശിക്കുന്നത് (20:4).

"സംഖ്യ പൂർത്തിയാകും വരെ അല്പകാലം കൂടി" എന്ന വചനമനുസരിച്ച്, രക്തസാക്ഷികളായ വിശുദ്ധന്മാരുടെ ഈ നിലവിളി ഈ യുഗത്തിന്റെ അവസാനത്തോടടുത്ത് സംഭവിക്കണം. നാം ഇപ്പോഴും ആദ്യത്തെ നാലു മുദ്രകളിലാണ്. അഞ്ചാമത്തെ മുദ്ര ഇനിയും വന്നിട്ടില്ല. എങ്കിലും, ഞാൻ വിശ്വസിക്കുന്നത് നാം അഞ്ചാം മുദ്രയുടെ സമയത്തോടടുത്തിരിക്കുന്നു എന്നാണ്.

## II. ദൈവത്തിന്റെ ഉത്തരം—ആറാം മുദ്ര

### A. പ്രകൃത്യാതീത ദുരന്തങ്ങളുടെ ആരംഭം

പ്രകൃത്യാതീത ദുരന്തങ്ങളുടെ ആരംഭത്തെ അടയാളപ്പെടുത്തുന്ന ആറാം മുദ്ര (6:12-17), അഞ്ചാം മുദ്രയിൽ രക്തസാക്ഷികളായ വിശുദ്ധന്മാരുടെ നിലവിളിക്കുള്ള ദൈവത്തിന്റെ ഉത്തരമാണ്. ആറാം മുദ്ര തുറന്നതിനുശേഷം ഭൂമിയെയും ആകാശത്തിലെ സൈന്യത്തെയും ഇളക്കുവാൻ കർത്താവ് കടന്നുവരുന്നു. ഭൂമി അത്യന്തം കുലുങ്ങുകയും, സൂര്യൻ രോമംകൊണ്ട് ഉണ്ടാക്കിയ രട്ടുപോലെ കറുപ്പായിത്തീരുകയും, ചന്ദ്രൻ രക്തതുല്യമായിത്തീരുകയും, ആകാശത്തിലെ നക്ഷത്രങ്ങൾ അത്തിവൃക്ഷം

പെരുങ്കാറ്റുകൊണ്ടു കുലുങ്ങീട്ട് അതിന്റെ പാകമാകാത്ത കായ് ഉതിർക്കുന്നതുപോലെ ഭൂമിയിലേക്കു വീഴുകയും, ആകാശം ചുരുൾ ചുരുട്ടുംപോലെ നീങ്ങിപ്പോകുകയും, എല്ലാ മലയും ദ്വീപും അതിന്റെ സ്ഥാനത്തുനിന്ന് മാറിപ്പോകുകയും ചെയ്യും (6:12-14). ഈ വലിയ കുലുക്കം ഭൂമിയിൽ വസിക്കുന്നവർക്ക് ഒരു മുന്നറിയിപ്പായിരിക്കും. മാനസാന്തരപ്പെടുവാനും ദൈവത്തിലേക്ക് മടങ്ങിവരുവാനും ഇത് അവർക്ക് മുന്നറിയിപ്പു നൽകും. "ഭൂമിയിൽ വസിക്കുന്ന നിങ്ങൾ നിങ്ങൾക്കുവേണ്ടി മാത്രമുള്ളവരാണ്. നിങ്ങൾ എനിക്കായി കരുതുന്നതേയില്ല. നിങ്ങൾക്കുള്ള ഒരു മുന്നറിയിപ്പെന്ന നിലയിൽ ഭൂമിയെ കുലുക്കുവാനുള്ള എന്റെ സമയമാണിപ്പോൾ" എന്നു ദൈവം അവരോടു പറയുന്നുണ്ടാകാം. ചില ആളുകൾ അവരാണ് ദൈവമെന്ന് ദൂഷണപരമായി പറഞ്ഞിട്ടുണ്ട്, എന്നാൽ അവനാണ് ദൈവമെന്ന് അവർക്കുള്ള ഒരു ഓർമ്മപ്പെടുത്തലെന്ന നിലയിൽ കർത്താവ് ഭൂമിയെയും ആകാശത്തെയും കുലുക്കും. എത്ര ഭയാനകമായ ഒരു കുലുക്കമായിരിക്കും ഇത്! ഭൂമിയും, സൂര്യനും, ചന്ദ്രനും, നക്ഷത്രങ്ങളുമെല്ലാം ബാധിക്കപ്പെടും.

## B. ഭൂമിയിൽ വസിക്കുന്നവരുടെ പ്രതികരണം

ഭൂമിയിൽ വസിക്കുന്നവരുടെ പ്രതികരണം 15 മുതൽ 17 വരെയുള്ള വാക്യങ്ങളിൽ നാം കാണുന്നു. അവർ ഗുഹകളിലും മലപ്പാറകളിലും തങ്ങളെത്തന്നെ ഒളിപ്പിക്കുകയും, ദൈവത്തിന്റെ നോട്ടത്തിൽനിന്നും കുഞ്ഞാടിന്റെ കോപത്തിൽനിന്നും മറയ്ക്കുവാൻ അവർ മലകളോടും പാറകളോടും കേണപേക്ഷിക്കുകയും ചെയ്യും. വാക്യം 15 അവരുടെ മനഃസാക്ഷിയുടെ അനുഭൂതിയെ വെളിപ്പെടുത്തുന്നു, കാരണം ദൈവത്തിന്റെയും കുഞ്ഞാടിന്റെയും ക്രോധത്തിന്റെ മഹാദിവസം വന്നിരിക്കുന്നു എന്നു കരുതിക്കൊണ്ട്, ദൈവത്തിന്റെ വരുവാൻപോകുന്ന ന്യായവിധിയെ അവർ ഭയപ്പെടുന്നു. എന്നാൽ, ആറാം മുദ്ര വരുവാൻപോകുന്ന അവന്റെ ന്യായവിധിയെ സംബന്ധിച്ച ദൈവത്തിന്റെ വിളംബരമല്ല. പ്രത്യുത, അത് ഭൂമിയിൽ വസിക്കുന്നവർക്കുള്ള ഒരു മുന്നറിയിപ്പാണ്. ഭൂമിയിലെ രാജാക്കന്മാരും, മഹാന്മാരും, ധനവാന്മാരും, കുലീനന്മാരും ഈ വലിയ ഭൂകമ്പത്താൽ ഞെട്ടിത്തരിക്കുകയും ദൈവത്തിന്റെയും കുഞ്ഞാടിന്റെയും ക്രോധത്തിന്റെ ദിവസം വന്നിരിക്കുന്നു എന്നു ചിന്തിക്കുകയും ചെയ്യും. വാസ്തവത്തിൽ ഇത് ഇപ്പോഴും ആ ദിവസമായിരിക്കുകയില്ല, ഇത് ഒരു മുൻരുചിയും അവർ മാനസാന്തരപ്പെടുന്നതിനുള്ള ഒരു മുന്നറിയിപ്പും മാത്രമായിരിക്കും. ഈ മുന്നറിയിപ്പിൽ ദൈവം ഇങ്ങനെ പറയുന്നതുപോലെ തോന്നുന്നു: "എങ്കലേക്കു മടങ്ങിവരിക. നിങ്ങൾ ദൈവമാണെന്നു പറയരുത്. ഞാൻ സൃഷ്ടിച്ച ഭൂമിയിലെ പാവം നിവാസികൾ മാത്രമാണ് നിങ്ങൾ. നിങ്ങൾ ജീവിക്കുന്നതിനു

വേണ്ടി സൂര്യനെയും, ചന്ദ്രനെയും, നക്ഷത്രങ്ങളെയും ഞാൻ സൃഷ്ടിച്ചു. എന്നാൽ നിങ്ങൾ എന്നെ മറക്കുകയും, എതിർക്കുകയും, ദുഷിക്കുകയും ചെയ്യുന്നു. നിങ്ങൾ മാനസാന്തരപ്പെടേണ്ടതിന് നിങ്ങൾക്ക് മുന്നറിയിപ്പുതരുന്ന സമയമാണിപ്പോൾ."

## C. ഈ ദുരന്തത്തിന്റെ പ്രാധാന്യം

ഈ ദുരന്തത്തിന്റെ പ്രാധാന്യം ഇത് ഭൂമിയിൽ വസിക്കുന്നവർക്കുള്ള ഒരു മുന്നറിയിപ്പാകുന്നു എന്നതാണ്. അത് ഇപ്പോഴും കർത്താവിന്റെ യഥാർഥ ക്രോധമല്ല. ഇത് അഞ്ചാം മുദ്രയിലെ രക്തസാക്ഷികളായ വിശുദ്ധന്മാരുടെ നിലവിളിക്കുള്ള ദൈവത്തിന്റെ ഉത്തരവും, ദൈവം അവർക്കുവേണ്ടി പ്രതികാരം ചെയ്യുവാനും അവനെ സമർഥിക്കുവാനും വേഗം വരുന്നു എന്നു വെളിപ്പെടുത്തുന്നതും ആണ്. ദൈവം തന്റെ പ്രിയപ്പെട്ട വിശുദ്ധന്മാരുടെ രക്തത്തിന് പ്രതികാരം ചെയ്യുവാൻ വരുന്നു.

## III. കർത്താവിന്റെ ദിവസത്തിനുമുമ്പുള്ള മുന്നറിയിപ്പാകുന്നു

മഹോപദ്രവത്തിന് ഒരു അവതാരികയായ ആറാം മുദ്ര കർത്താവിന്റെ ദിവസത്തിനുമുമ്പുള്ള ഒരു മുന്നറിയിപ്പാണ്. യോവേൽ 2:30-31 അനുസരിച്ച്, ആറാം മുദ്രയ്ക്കും ആദ്യത്തെ അഞ്ചു കാഹളങ്ങൾക്കും ഇടയിലുള്ള സമയത്തിന് വലിയ വ്യത്യാസമുണ്ടായിരിക്കുകയില്ല (8:6-11). യോവേൽ 2:30-31-ൽ ഒന്നും രണ്ടും കാഹളങ്ങളുടെ രക്തവും, ഒന്നും രണ്ടും മൂന്നും കാഹളങ്ങളുടെ തീയും (8:7-10), അഞ്ചാം കാഹളത്തിന്റെ പുകയും (9:1-3), ആറാം മുദ്രയുടെ സൂര്യനും ചന്ദ്രനും ഉണ്ട്. അധ്യായം 9:4-നെ 7:3-മായി താരതമ്യം ചെയ്താൽ അഞ്ചാമത്തെ കാഹളം ആറാമത്തെ മുദ്രയോട് വളരെ അടുത്താണെന്ന് സൂചിപ്പിക്കുന്നു.

ഭൂമിയുടെയും ആകാശത്തിലെ സൈന്യങ്ങളുടെയും കുലുക്കങ്ങളിലും മാറ്റങ്ങളിലും രണ്ടു ദുരന്തങ്ങൾ ഉണ്ടായിരിക്കും. ഒന്നാമത്തേത് കർത്താവിന്റെ ദിവസത്തിനുമുമ്പ്, മഹോപദ്രവത്തിനുമുമ്പ് സംഭവിക്കും (യോവേൽ 3:11-16; 2:30-31; ലൂക്കൊ. 21:11). രണ്ടാമത്തേത് കർത്താവിന്റെ ദിവസത്തിനുശേഷം, മഹോപദ്രവത്തിനുശേഷം സംഭവിക്കും (മത്താ. 24:29-30; ലൂക്കൊ. 21:25-26). ആറാം മുദ്രയിൽ പറഞ്ഞിരിക്കുന്നത് ഒന്നാമത്തെ ദുരന്തമാണ്. ഇതിനെ ഒരു മുന്നറിയിപ്പായി മാത്രമല്ല, വരാൻപോകുന്ന മഹോപദ്രവത്തിനുള്ള ഒരു അവതാരികയായും പരിഗണിക്കണം. ആറാം മുദ്രയെത്തുടർന്നുള്ള ഏഴാം മുദ്ര തുറക്കുമ്പോൾ, മഹോപദ്രവം വരുന്നതിന്റെ സൂചകങ്ങളായി ആദ്യത്തെ നാലു കാഹളങ്ങളുണ്ട് (8:-2, 6-13). പിന്നീട് അവസാനത്തെ മൂന്നു കാഹളങ്ങളിൽ മഹോപദ്രവം നിർവഹിക്കപ്പെടും (9:1-21; 11:14-19).